ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 109-ാം ദിവസം

അഹോ കഷ്ടം ഭ്രഷ്ടോ/ഹമാത്മവതാമനുപഥാദ്യ ദ്വി മുക്ത
സമസ്തസംഗസ്യ വിവിക്ത പുണ്യാരണ്യശരണസ്യാത്മവത
ആത്മനി സർവേഷാമാത്മാനാം ഭഗവതി വാസുദേവേ തദനുശ്രവണ
മനന സങ്കീർത്തനാരാധനാനുസ്മരണാഭിയോഗേ നാ ശൂന്യ
സകലയാമേ ന കാലേന സമാവേശിതം സമാഹിതം കാർത്സ്ന്യേന മനസ്തത്തു
പുനർമ്മമാബുധസ്യാരാന്മൃഗസുതമനു പരിസുസ്രാവ **(5-8-29)**

ശുകമുനി തുടർന്നു: ഒരു ദിവസം രാവിലെ സ്നാനശേഷം ഭരതൻ ഗന്ധകീനദിക്കരയിൽ പ്രണവമന്ത്ര ധ്യാനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അപ്പോഴവിടെ ഒരു മാൻപേട വന്നുചേർന്നു. പെട്ടെന്ന് ഒരു സിംഹം അലറിക്കൊണ്ട് അതിനെ പിടിക്കാൻ ഓടിയെത്തി. പേടിച്ചരണ്ട മാൻപേട നദിയിലേക്ക്ചാടി മറുകരയ്ക്കു പോവാൻ തുനിഞ്ഞു. പേടിയും പൂർത്തിയാവാറായ ഗർഭാവസ്ഥയും കാരണം മാൻപേട പ്രസവിക്കുകയും താമസിയാതെ മരിക്കുകയും ചെയ്തു. ദയാനിധിയായ ഭരതൻ മാൻകുട്ടിയെ ദത്തെടുത്തു. വിധിനിയോഗത്താൽ തൻെറ സംരക്ഷണയിൽ കഴിയേണ്ടുന്നതാണീ മാൻകുട്ടിയെന്ന ധർമ്മബോധത്തോടെ ഭരതൻ അതിനെ ശ്രദ്ധയോടെ പരിരക്ഷിച്ചു. താമസംവിനാ ഈ വാത്സല്യം അതീവ മമതയിലെത്തുകയും ഭരതന് തൻെറ പൂജാദികർമ്മങ്ങളിൽ ശ്രദ്ധ കുറയുകയും ഭഗവൽധ്യാനത്തിനു ഭംഗം വരികയും ചെയ്തു. മാൻകുട്ടിയടെ ദൗർഭാഗ്യത്തെപ്പറ്റി ഭരതൻ വീണ്ടും വീണ്ടും ചിന്തിക്കുകയും അതിനെ കാത്തുരക്ഷിക്കുക തൻെറ ധർമ്മമാണെന്നു മനസ്സിലുറപ്പിക്കുകയും ചെയ്തു. മാൻകുട്ടിയെ രക്ഷിക്കാനും പരിരക്ഷിക്കാനും തനിക്കു കിട്ടിയ അവസരത്തെ ഭരതൻ ഒരനുഗ്രഹമായി കണക്കാക്കി സ്വയം ചോദിച്ചു. “മഹാത്മക്കൾ പോലും ദയാവായ്പ്പു പ്രകടിപ്പിക്കാൻ തങ്ങളുടെ താൽപ്പര്യങ്ങൾ ഉപേക്ഷിക്കാറുണ്ടല്ലോ ?”

മാൻകുട്ടി അദ്ദേഹത്തിൻെറ സ്ഥിരം സഹചാരിയായി മാറി. ദിവസം മുഴുവൻ മാൻകുട്ടിയെപ്പറ്റിയായി അദ്ദേഹത്തിൻെറ ചിന്ത. അതിൻെറ സന്തോഷം, സംരക്ഷ, എന്നിങ്ങനെയുള്ള കാര്യങ്ങളാൽ ദിനങ്ങൾ കടന്നുപോയി. എപ്പോഴെങ്കിലും വൈകുന്നേരം അത് തൻെറയടുത്തു വന്നില്ലെങ്കിൽ ഭരതന് വ്യഗ്രതയും വ്യസനവുമായി. താൻ ധ്യാനത്തിലെന്ന മട്ടിൽ കണ്ണടച്ചിരിക്കുമ്പോൾ മാൻകുട്ടിവന്ന് നക്കിയുണർത്തുന്നതും മറ്റും അദ്ദേഹം ആലോചിച്ചിരിപ്പായി. തൻെറ പൂജാദ്രവ്യങ്ങളും മറ്റും അശുദ്ധമാക്കുമ്പോൾ താൻ ദ്വേഷ്യപ്പെട്ടാൽ മാൻകുട്ടി ഒരു മുനിയേപ്പോലെ നിശ്ശബ്ദമായി ഒരുമൂലയിൽ പോയിരിക്കാറുള്ള കാര്യവും ഭരതൻ ഓർത്തു. മാൻകുട്ടിയോടുള്ള വാത്സല്യം ഒരു മോഹാവേശമായി ഭരതനെ ബാധിച്ചു കഴിഞ്ഞിരുന്നു. ഇങ്ങിനെയൊരു ജീവിയെ തനിക്കു സ്നേഹിക്കാനും സംരക്ഷിക്കാനും തന്നതിൽ ഭരതൻ ഭൂമീദേവയെ അനുഗ്രഹിക്കപോലും ചെയ്തു.

മനുഷ്യജീവനിൽ താഴെയുള്ള ഒരു ജീവിയോട്, സുഖദു:ഖസ്ഥാനങ്ങൾ ഉപേക്ഷിച്ച മഹാനായ ഒരു സന്യാസിക്ക് ഇത്രമാത്രം മമതയുണ്ടാവുക എന്നത് എത്ര അത്ഭുതകരം! ഭരതൻെറ അവസാന കാലത്തും മനസ്സിൽ മുഴുവൻ മാൻകുട്ടി തന്നെയായിരുന്നു. മാൻകുട്ടിയെ നോക്കി അവസാനശ്വാസം വലിച്ച ഭരതൻെറ ഒപ്പം മാൻകുട്ടിയും മരിച്ചുവീണു. ഭരതൻ ഒരു മാനായി പുനർജ്ജനിച്ചു. ഭരതൻ തൻെറ പൂർവ്വജന്മത്തെപ്പറ്റിയോർത്ത് സങ്കടപ്പെട്ടു. “എല്ലാമുപേക്ഷിച്ച് സന്യാസവും സ്വീകരിച്ച് ഭഗവാൻ വാസുദേവൻെറ താമരപ്പാദങ്ങളെ പൂജിച്ച് ഒറ്റപ്പെട്ട വനാന്തരത്തിൽ കഴിഞ്ഞിരുന്ന ഞാൻ എങ്ങിനെയാണ് ആത്മീയതയുടെ പാതയിൽനിന്ന് വഴുതിവീണത് ? അതും ഒരു മാൻകുട്ടിയുടെ സ്നേഹത്തിനു വേണ്ടി!” ഇതെല്ലാമോർത്ത് മാൻകൂട്ടത്തിൽ നിന്നും ഓടി അദ്ദേഹം പുലഹൻെറ ആശ്രമത്തിനടുത്തുചെന്ന് ഒരു താപസനായി ശരീരമുപേക്ഷിക്കുംവരെ ജീവിച്ചു.

(മനുഷ്യൻ ഒരു മൃഗമായി പുനർജ്ജനിക്കുക എന്നത് സാദ്ധ്യമാണോ? എന്തുകൊണ്ടില്ല? മനുഷ്യനെപ്പോലെ മൃഗങ്ങൾക്കും ബുദ്ധിയുണ്ടോ? അവ പൂർവ്വജന്മങ്ങളെപ്പറ്റി പൂർണ്ണമായി മറന്നുപോവുന്നുണ്ടോ? ഭരതൻെറ കഥ അല്ലെന്നു പറയുന്നു. മൃഗങ്ങളുമായി നമുക്ക് സംവദിക്കാനാവാത്തത് അവരുടെ കുറ്റമല്ലല്ലോ ?)